## കേരള സർക്കാർ

സി6-12891/2018

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം

**തിരുവനന്തപുരം, തീയതി, ജൂൺ 24**

### സർക്കുലർ

വിഷയം: പഞ്ചായത്ത് വകുപ്പ്-ഗ്രാമ പഞ്ചായത്തുകളിൽ കെട്ടിട നിർമ്മാണാനുമതിക്കായി ലഭിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:
1. സർക്കാരിന്റെ 16-4-1997-ലെ 15018/സി1/97/തസ്വഭ നമ്പർ സർക്കുലർ
2. സർക്കാരിന്റെ 23-12-2010-ലെ 36587 (1)/ആർ.എ1/09/ തസ്വഭവ നമ്പർ സർക്കുലർ
3. സർക്കാരിന്റെ 22-6-2011-ലെ 31019/ആർ.എ1/2011/ തസ്വഭവ നമ്പർ സർക്കുലർ
4. സർക്കാരിന്റെ 16-12-2013-ലെ 73576/ആർ.എ1/2013/ തസ്വഭവ നമ്പർ സർക്കുലർ
5. സർക്കാരിന്റെ 2-12-2015-ലെ 12900/ആർ.എ1/2015/ തസ്വഭവ നമ്പർ സർക്കുലർ

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ നിന്നും കെട്ടിട നിർമ്മാണാനുമതി നൽകുന്നതിൽ കാലതാമസം ഒഴിവാക്കുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സൂചന സർക്കുലറുകൾ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഇപ്പോഴും കെട്ടിട നിർമ്മാണത്തിന് അപേക്ഷ സമർപ്പിക്കുന്നവർക്ക് കെട്ടിട നിർമ്മാണ ചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന സമയപരിധിക്കുള്ളിൽ കെട്ടിട നിർമ്മാണാനുമതി ലഭിക്കുന്നില്ലെന്ന് ധാരാളം പരാതികൾ നിലനിൽക്കുന്നുണ്ട്. കെട്ടിട നിർമ്മാണാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിൽ ഗ്രാമ പഞ്ചായത്തുകൾ സമയബന്ധിതമായി നടപടി സ്വീകരിക്കാത്തത് കാരണം അപേ





ക്ഷകർ പലരും അനധികൃതമായി നിർമ്മാണം പൂർത്തീകരിക്കുകയും പ്രസ്തുത കെട്ടിടങ്ങൾ പലതും കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിക്കുന്ന സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തുകൾ കെട്ടിട നിർമ്മാണ ക്രമവൽക്കരണവും കെട്ടിട നിർമ്മാണ അനുമതിയും അനുവദിക്കാത്ത സാഹചര്യം ഉണ്ടാവുകയും അതിനെതിരെ കെട്ടിട ഉടമകൾ സർക്കാരിനെയും കോടതികളെയും സമീപിക്കുന്ന സാഹചര്യമുണ്ടാവുകയും ചെയ്യുന്നുണ്ട്. മേൽ സാഹചര്യത്തിൽ കെട്ടിട നിർമ്മാണ അനുമതിക്കായി ഗ്രാമപഞ്ചായത്തുകളിൽ ലഭിക്കുന്ന അപേക്ഷകളിൻമേൽ ക്രമവിരുദ്ധമായി കാലതാമസം വരുത്തുന്നത് ഗൗരവമായി കണ്ട് ഇതുസംബന്ധിച്ച് സമയബന്ധിത നടപടി സ്വീകരിക്കുന്നതിനായി താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു. ആയത് എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഉടൻ പ്രാബല്യത്തിൽ നടപ്പിലാക്കേണ്ടതാണ്.

1. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 220 (ബി) പ്രകാരം എല്ലാ ഗ്രാമപഞ്ചായത്തുകളും നാഷണൽ ഹൈവേയോടോ സംസ്ഥാന ഹൈവേയോടോ ജില്ലാ റോഡുകളോടോ ചേർന്ന് കിടക്കുന്ന ഭൂമിയിൽ റോഡതിർത്തിയിൽനിന്നും 3 മീറ്റർ ദൂരത്തിനുള്ളിൽ കെട്ടിട നിർമ്മാണം കർശനമായി നിരോധിക്കേണ്ടതാണ്. ഇതുസംബന്ധിച്ച് എല്ലാ ഗ്രാമപഞ്ചായത്തുകളും 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 28-ഉം 1999-ലെ കേരള ഹൈവേ സംരക്ഷണ നിയമത്തിലെ വകുപ്പ് 18ഉം കർശനമായി പാലിക്കേണ്ടതാണ്.

2. മൂന്ന് മീറ്റർ ദൂരപരിധി ബാധകമാക്കേണ്ടതായ പഞ്ചായത്തിലെ മറ്റ് റോഡുകളും പൊതുവഴികളും ഏതെല്ലാമായിരിക്കണമെന്ന് ഗ്രാമപഞ്ചായത്ത് യോഗം ചേർന്ന് നിശ്ചയിക്കേണ്ടതും ഏതേത് റോഡുകളുടെ അതിർത്തിയിൽ നിന്നാണ് 3 മീറ്ററിനുള്ളിൽ കെട്ടിടം പണി നിരോധിക്കേണ്ടത് എന്ന് ഓരോ റോഡിന്റെയും പ്രാധാന്യം, വികസന സാധ്യത, അവിടുത്തെ ജന-വാഹന സാന്ദ്രത, നിലവിലുള്ള വീതി, നീളം തുടങ്ങിയ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കേണ്ടതും ഇപ്രകാരം പഞ്ചായത്ത് യോഗം ചേർന്ന് തയ്യാറാക്കുന്ന 'റോഡ് ലിസ്റ്റ്' പൊതുജനങ്ങളുടെ അറിവിലേയ്ക്കായി പരസ്യപ്പെടുത്തേണ്ടതുമാണ്. അപ്രകാരം പഞ്ചായത്ത് വിജ്ഞാപനം ചെയ്ത റോഡ് ലിസ്റ്റിന് വ്യാപകമായ പരസ്യം നൽകേണ്ടതും അതിനുശേഷം പ്രസ്തുത റോഡ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള

എല്ലാ റോഡുകളോടും ചേർന്നുകിടക്കുന്ന ഭൂമിയിൽ 3 മീറ്റർ ദൂരത്തിനുള്ളിൽ കെട്ടിട നിർമ്മാണം നിരോധിക്കേണ്ടതും പ്രസ്തുത നിരോധനം കർശനമായി പാലിക്കേണ്ടതുമാണ്. ഇത് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ബാധകമായിട്ടുള്ളതും അപ്രകാരം ഇതുവരെ തീരുമാനം എടുത്തിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകൾ ഇക്കാര്യം അടിയന്തരമായി നടപ്പിൽ വരുത്തേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പഞ്ചായത്ത് റോഡുകൾ വിജ്ഞാപനം ചെയ്തിട്ടുള്ളതാണോ അല്ലയോ എന്ന് കാണിക്കുന്ന വ്യക്തമായ ബോർഡുകൾ റോഡിന്റെ ആരംഭ ഭാഗത്തും അവസാന ഭാഗത്തും പൊതുജനങ്ങൾ കാണത്തക്കവിധം പ്രദർശിപ്പിക്കേണ്ടതാണ്.

3. കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിൽ അഴിമതിയും ക്രമക്കേടും കാലതാമസവും കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. കെട്ടിട നിർമ്മാണ അനുമതി ലഭിക്കുന്നതിനുവേണ്ടി കെട്ടിക്കിടക്കുന്ന എല്ലാ അപേക്ഷകളിലും 10-07-2019ന് മുമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ ഉചിത തീരുമാനം എടുത്ത് തീർപ്പുകൽപ്പിക്കേണ്ടതാണ്. ഇതുസംബന്ധിച്ച് എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും പരിശോധന നടത്തി വസ്തുത റിപ്പോർട്ട് വീഴ്ച വരുത്തുന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ പേര് വിവരങ്ങളും ശുപാർശയും സഹിതം 15-07-2019 വൈകുന്നേരം 3 മണിക്ക് മുമ്പ് directorateofpanchayatcsection@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. മുൻഗണനാക്രമം തെറ്റിക്കാതെയും 15 ദിവസത്തിൽ കൂടുതൽ കാലതാമസമുണ്ടാക്കാതെയും കെട്ടിട നിർമ്മാണ അനുമതികൾ നൽകാൻ എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരും നടപടി സ്വീകരിക്കേണ്ടതാണ്. കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിൽ അഴിമതിയും ക്രമക്കേടും കാലതാമസവും വരുത്തുന്ന ഗ്രാമപഞ്ചായത്തുകളുടെ വിശദാംശങ്ങൾ പെർഫോർമൻസ്, ആഡിറ്റ് വിഭാഗങ്ങൾ പ്രത്യേക പരിശോധന നടത്തി ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് ലഭ്യമാക്കേണ്ടതും പ്രസ്തുത റിപ്പോർട്ട് ലഭിച്ചാൽ ഉടൻ തന്നെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ സത്വര തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

4. സമയപരിധിക്കുള്ളിൽ കെട്ടിട നിർമ്മാണ അനുമതി ലഭിക്കാത്തവരുടെ പരാതി പരിശോധിക്കുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് തലവനായും എൽ എസ് ജി ഡി അസിസ്റ്റന്റ് എൻജിനീയർ കൺവീനറായും ഗ്രാമപഞ്ചായത്ത് വൈസ്പ്രസിഡന്റ്, വികസന സമിതി ചെയർമാൻ, സെക്രട്ടറി എന്നിവർ അംഗങ്ങളായും ഒരു സമിതി എല്ലാ മാസവും യോഗം ചേർന്ന് കെട്ടിട നിർമ്മാണ അനുമതി കാര്യത്തിൽ അനാവശ്യ കാലതാമസം വന്നിട്ടുണ്ടോ എന്നും പെർമിറ്റ് നൽകാതിരുന്നിട്ടുണ്ടെങ്കിൽ കാരണം വസ്തുനിഷ്ഠമാണോ എന്നും പരിശോധിച്ച് ഉചിത തീരുമാനം എടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് 23-12-2010 ലെ 36587 (1)/ആർ.എ 1/2009/തസ്വഭവ നമ്പർ പ്രകാരം സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിരുന്നു. മേൽ സർക്കാർ നിർദ്ദേശാനുസരണമുള്ള കമ്മിറ്റി എല്ലാ ഗ്രാമപഞ്ചായത്തിലും രൂപീകരിച്ചിട്ടുണ്ടെന്നും യോഗം ചേരുന്നുണ്ടെന്നും നടപടി സ്വീകരിക്കുന്നുണ്ടെന്നും പെർഫോർമൻസ്, ആഡിറ്റ് വിഭാഗം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.





5. ഗ്രാമപഞ്ചായത്തുകളിൽ നിന്നും കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം അനുമതി വാങ്ങിയും വാങ്ങാതെയും നിർമ്മാണം പൂർത്തീകരിച്ച പല കെട്ടിടങ്ങൾക്കും കെട്ടിട വിനിയോഗാനുമതി/കെട്ടിട നമ്പർ, കെട്ടിട നിർമ്മാണ ക്രമവൽക്കരണം എന്നിവ ലഭിക്കുന്നതിന് കാലതാമസം ഉണ്ടാവുന്നതായും ചില കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്തുകൾ കെട്ടിട നമ്പർ നിഷേധിക്കുന്നതായും ധാരാളം പരാതികൾ ലഭിക്കുന്നുണ്ട്. ടി പ്രശ്നം പരിഹരിക്കുന്നതിനായി ജില്ലാതലത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരുടെ നേതൃത്വത്തിൽ വിപുലമായ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ച് 31.07.2019 നകം അദാലത്തുകൾ സംഘടിപ്പിക്കേണ്ടതാണ്. 2019 മേയ് 31 വരെ കെട്ടിട നിർമ്മാണാനുമതി ലഭിക്കാത്തതും നിയമാനുസൃതം നിർമ്മാണം പൂർത്തിയാക്കിയിട്ടും കെട്ടിട വിനിയോഗാനുമതി, കെട്ടിട നമ്പർ എന്നിവ ലഭിക്കാത്തതുമായ കെട്ടിടങ്ങളെ സംബന്ധിച്ച് അപേക്ഷകളും പരാതികളുമാണ് അദാലത്തിന് പരിഗണിക്കേണ്ടത്. അദാലത്തിന് ജില്ലാ ടൗൺ പ്ലാനറുടെയും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി, എൽ എസ് ജി ഡി അസിസ്റ്റന്റ് എൻജിനീയർ എന്നിവരുടെയും സാന്നിദ്ധ്യം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ ഉറപ്പ് വരുത്തേണ്ടതാണ്. ജില്ലാതല അദാലത്ത് നടത്തുന്നത് സംബന്ധിച്ച വിശദാംശങ്ങൾ 20.07.2019ന് മുമ്പും അദാലത്ത് നടത്തിയ വിശദാംശങ്ങൾ അടങ്ങിയ റിപ്പോർട്ട് 05.08.2019ന് മുമ്പും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ പഞ്ചായത്ത് ഡയറക്ടർമാർക്ക് ലഭ്യമാക്കേണ്ടതാണ്.

6. കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് മുമ്പ് അന്നത്തെ നിയമത്തിനനുസൃതമായി പെർമിറ്റ് വാങ്ങി നിർമ്മാണം നടത്തി നിയമാനുസൃതം പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് നിയമപ്രകാരം കെട്ടിട നമ്പർ അനുവദിക്കേണ്ടതാണ്. കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് മുമ്പ് പെർമിറ്റ് വാങ്ങി നിർമ്മാണം നടത്തിയ കെട്ടിട ങ്ങൾക്ക് ഭേദഗതി ചെയ്യപ്പെട്ട ചട്ടങ്ങളിലെ വ്യവസ്ഥകളും നിയമാനുസൃതം പെർമിറ്റ് വാങ്ങിയശേഷം നിർമ്മാണം പൂർത്തീകരിക്കാത്ത കെട്ടിടങ്ങൾക്ക് ചട്ടപ്രകാരം പെർമിറ്റ് പുതുക്കി നൽകുന്ന സമയത്ത് ആദ്യ പെർമിറ്റ് നൽകിയ തീയതിക്ക് ശേഷം കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വരുത്തിയി ട്ടുള്ള ഭേദഗതിയിലെ വ്യവസ്ഥകളും ബാധകമാക്കാൻ പാടുള്ളതല്ല.

7. നിലവിൽ കെട്ടിട നിർമ്മാണാനുമതി നൽകുന്നതിന് എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഓൺലൈൻ കമ്പ്യൂട്ടർ ആപ്ലിക്കേഷനായ 'സങ്കേത 'മാണ് ഉപയോഗിക്കുന്നത്. എന്നാൽ, ചില ഗ്രാമപഞ്ചായത്തുകളിൽ പഴയ രീതിതന്നെ ഇപ്പോഴും തുടരുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഗ്രാമപഞ്ചാ യത്തുകളിൽ ഓൺലൈൻ കമ്പ്യൂട്ടർ ആപ്ലിക്കേഷനായ 'സങ്കേതം' മുഖേന മാത്രമേ കെട്ടിട നിർമ്മാണാനുമതി അപേക്ഷകൾ സ്വീകരിക്കാനും തുടർ നടപടികൾ സ്വീകരിക്കാനും പാടുള്ളൂ എന്ന് കർശന നിർദ്ദേശം നൽകു ന്നു. ഈ നിർദ്ദേശം പാലിക്കുന്നുണ്ടെന്ന് എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും പരിശോധന നടത്തി ഉറപ്പ് വരുത്തേണ്ടതാണ്.

8. 'സങ്കേതം' ആപ്ലിക്കേഷൻ മുഖേന കെട്ടിട നിർമ്മാണാനുമതി അപേക്ഷയിൽ തുടർ നടപടികൾ സ്വീകരിക്കുമ്പോൾ ക്ലാർക്ക് മുതൽ സെക്രട്ടറി/അസിസ്റ്റന്റ് എൻജിനീയർ വരെയുള്ള ഉദ്യോഗസ്ഥർ ആവ ശ്യമായ ഫയൽ കുറിപ്പ് രേഖപ്പെടുത്തി മാത്രമേ തുടർ നടപടികൾ സ്വീക രിക്കാൻ പാടുള്ളൂ. അപേക്ഷ സംബന്ധിച്ച് ചട്ടലംഘനങ്ങളോ ക്രമരാഹി ത്യങ്ങളോ, അധിക രേഖകളോ ആവശ്യമുണ്ടെങ്കിൽ ആയത് കുറിപ്പ് ഫയ ലിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. മേൽ നിർദ്ദേശം പാലിക്കുന്ന തിൽ വീഴ്ച വരുത്തുന്ന ജീവനക്കാർക്കെതിരെ കർശന നടപടി സ്വീകരി ക്കുന്നതാണ്.

9. കെട്ടിട നിർമ്മാണാനുമതി അപേക്ഷകളിൽ നടപടി സ്വീകരിക്കു മ്പോൾ 2018- ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാ ക്കലും ആക്റ്റിന്റെ അടിസ്ഥാനത്തിൽ 2011ലെ കേരള പഞ്ചായത്ത് കെട്ടിട





നിർമ്മാണ ചട്ടങ്ങളിൽ വരുത്തിയിട്ടുള്ള ഭേദഗതികൾ കർശനമായി പാലി ക്കേണ്ടതും കെ- സ്വിഫ്റ്റ് ഓൺലൈൻ ആപ്ലിക്കേഷൻ മുഖേന ലഭിക്കുന്ന കെട്ടിട നിർമ്മാണാനുമതി അപേക്ഷകളിന്മേൽ സമയബന്ധിത നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കെ-സ്വിഫ്റ്റ് ഓൺലൈൻ ആപ്ലിക്കേഷൻ മുഖേന ലഭിക്കുന്ന കെട്ടിട നിർമ്മാണാനുമതി അപേക്ഷകളിൽ സമയബന്ധിത നട പടികൾ സ്വീകരിക്കാതിരിക്കുകയും അതുവഴി അപേക്ഷകന് കൽപിത പെർമ്മിറ്റ് ലഭിക്കുകയും ചെയ്യുന്ന സംഗതികളിന്മേൽ ഉണ്ടാകുന്ന നിയമ തടസ്സങ്ങൾക്ക് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി പൂർണ്ണ ഉത്തര വാദി ആയിരിക്കുന്നതാണ്.

10. 2018- ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗ തി) ആക്റ്റ് നിലവിൽ വരുന്നതിന് മുമ്പ് അനുവദിച്ചിട്ടുള്ള കെട്ടിട നിർമ്മാണ പെർമിറ്റ് പ്രകാരം പൂർത്തീകരിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് കെട്ടിട വിനിയോ ഗാനുമതി/കെട്ടിട നമ്പർ അനുവദിക്കുന്നതിനായി 30-12-2017-ാം തീയതി ക്കുശേഷം നിലവിൽ വന്ന ആക്റ്റിലെ വകുപ്പുകൾ പ്രകാരമുള്ള രേഖ കൾ നിഷ്കർഷിക്കുവാൻ പാടുള്ളതല്ലെന്ന് 13-08-2018 ലെ 406/ആർ എ 1/2018/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ 30-12-2017 ന് മുമ്പ് അന്ന് നിലവിലിരുന്ന നിയമങ്ങളും ചട്ട ങ്ങളും വ്യവസ്ഥകളും പാലിച്ച് ഗ്രാമപഞ്ചായത്തുകൾ അനുവദിച്ച കെട്ടിട നിർമ്മാണ പെർമിറ്റ് പ്രകാരം നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് കെട്ടിട വിനിയോഗാനുമതിക്കായി/കെട്ടിട നമ്പറിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ 2018 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്റ്റിലെ (2018 ലെ 29-ാം ആക്റ്റ്) വ്യവസ്ഥകൾ ബാധമാ ക്കാതെ കെട്ടിട വിനിയോഗാനുമതി/കെട്ടിട നമ്പർ ഗ്രാമപഞ്ചായത്തുകൾ അനുവദിക്കേണ്ടതാണ്. എന്നാൽ, 2018 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്റ്റ് നിലവിൽ വന്ന 30-12-2017 ന് ശേഷം അനു വദിച്ചതും അനുവദിക്കുന്നതുമായ കെട്ടിട നിർമ്മാണ അനുമതികൾക്ക് പ്രസ്തുത ഭേദഗതികൾക്ക് അനുസൃതമായി, വ്യവസ്ഥകൾ കർശനമായി പാലിച്ച് മാത്രമേ ഗ്രാമപഞ്ചായത്തുകൾ കെട്ടിട നിർമ്മാണ പെർമിറ്റ്/ഒക്കു പെൻസി/കെട്ടിട നമ്പർ എന്നിവ അനുവദിക്കാൻ പാടുള്ളൂ.

11. 2018-ലെ കേരള പഞ്ചായത്ത്രാജ് (അനധികൃത നിർമ്മാണങ്ങൾ ക്രമപ്പെടുത്തൽ) ചട്ടങ്ങൾ പ്രകാരം ലഭിച്ചിട്ടുള്ള അപേക്ഷകളിൽ തീർപ്പ്

കൽപ്പിക്കാതെ അവശേഷിക്കുന്നവ 31-07-2019-നകം തീർപ്പാക്കി ജില്ലാ തല വിശദ വിവരപ്പട്ടിക എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും 10-08-2019നകം പഞ്ചായത്ത് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതാണ്.

12. 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 148 പ്രകാരം അനധികൃത കെട്ടിടങ്ങളുടെ നിർമ്മാണം കണ്ടുപിടി ക്കുന്നതിനും തടയുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനും ജില്ലാതലത്തിൽ വിജിലൻസ് സ്ക്വാഡ് രൂപീകരിക്കുന്നതിന് നിഷ്കർഷിച്ചിട്ടുണ്ട്. മേൽ വ്യവസ്ഥ പ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാതല സ്ക്വാഡിന്റെ പ്രവർത്തനം ഊർജ്ജിതമാക്കേണ്ടതും സ്ക്വാഡിന്റെ പ്രവർത്തനറിപ്പോർട്ട് എല്ലാ മാസവും 15-ാം തീയതിക്കുള്ളിൽ എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ പഞ്ചായത്ത് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്.

13. രജിസ്റ്റേർഡ് എഞ്ചിനീയർമാർ/ആർക്കിടെക്റ്റുമാർ/സൂപ്പർവൈസർമാർ തയ്യാറാക്കി നൽകുന്ന കെട്ടിട നിർമ്മാണ പ്ലാനുകൾ 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 144-ൽ പരാമർശിക്കുന്ന പ്രകാരം അവരുടെ ഉത്തരവാദിത്വങ്ങളും ചുമതലകളും നിറവേറ്റുംവിധം അല്ലെങ്കിൽ ആയത് യഥാസമയം സെക്രട്ടറി രജിസ്റ്ററിംഗ് അതോറിറ്റിക്ക് റിപ്പോർട്ട് ചെയ്യേണ്ടതും വിവരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ അറിയിക്കേണ്ടതുമാണ്.

14. ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ ക്വാസി-ജുഡീഷ്യൽ അധികാരം ഉപയോഗിച്ച് അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുമ്പോഴോ, പെർമിറ്റ് റദ്ദ് ചെയ്യുമ്പോഴോ, ചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്നത് പ്രകാരം സൈറ്റ് പരിശോധന നടത്തി ലംഘനങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കി മാത്രം നോട്ടീസ് പുറപ്പെടുവിക്കേണ്ടതും അന്തിമ തീരുമാനം കൈക്കൊള്ളുന്നതിന് മുമ്പ് ബന്ധപ്പെട്ടവരെ നേരിൽ കേൾക്കുന്നതിനുള്ള അവസരം നൽകേണ്ടതു മാണ്. ഇതുസംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 27-07-2010 ലെ 22044/ആർ എ1/10/തസ്വഭവ, 21.04.2017 ലെ ആർ എ 3/65/2017/തസ്വഭവ നമ്പർ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ എല്ലാ ഗ്രാമപഞ്ചായത്തുകളും കർശനമായി പാലിക്കുന്നുണ്ടെന്ന് എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ ഉറപ്പ് വരുത്തേണ്ടതാണ്.





15. കെട്ടിട നിർമ്മാണാനുമതി, കെട്ടിട നിർമ്മാണ ക്രമവൽക്കരണാനുമതി, കെട്ടിട വിനിയോഗാനുമതി/കെട്ടിട നമ്പറിംഗ്, വിവിധ ലൈസൻസുകൾ, സർട്ടിഫിക്കറ്റുകൾ തുടങ്ങി വിവിധ ആവശ്യങ്ങൾക്ക് ആഫീസിൽ എത്തുന്ന പൊതുജനങ്ങളോട് സൗഹാർദ്ദപരമായും, മാന്യമായും സഭ്യമായും മാത്രം ജീവനക്കാർ പെരുമാറേണ്ടതും ലഭിക്കുന്ന അപേക്ഷകളിലും പരാതികളിലും, നിവേദനങ്ങളിലും എന്തെങ്കിലും അധിക വിവരങ്ങൾ/രേഖകൾ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് അപേക്ഷകനെ ബോധ്യപ്പെടുത്തി ചട്ട പ്രകാരം നോട്ടീസ് നൽകേണ്ടതും അപേക്ഷകൻ ന്യൂനതകൾ പരിഹരിച്ച് നൽകിയാൽ എത്രയും വേഗം സേവനം നൽകേണ്ടതുമാണ്. അപേക്ഷകളിലെ ന്യൂനതകൾ കാണിച്ച് നോട്ടീസ് നൽകുമ്പോഴോ വിവരം കൈമാറുമ്പോഴോ എല്ലാ ന്യൂനതകളും വ്യക്തമാക്കേണ്ടതാണ്. ന്യൂനതകൾ ചൂണ്ടിക്കാട്ടി ഒന്നിലധികം പ്രാവശ്യം അപേക്ഷകരെ ബുദ്ധിമുട്ടിക്കാൻ പാടുള്ളതല്ല. കാലഹരണപ്പെട്ടതോ, റദ്ദ് ചെയ്തതോ, ഭേദഗതി വരുത്തിയതോ ആയ നിയമങ്ങളുടേയും ചട്ടങ്ങളുടേയും സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ നിയമാനുസരണം പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ നിഷേധിക്കപ്പെടുന്നില്ലെന്ന് എല്ലാ വകുപ്പുതല ഉദ്യോഗസ്ഥരും ഉറപ്പ് വരുത്തേണ്ടതാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് അനുബന്ധ ചട്ടങ്ങൾ, 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, ചട്ടം അനുബന്ധ സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ എന്നിവയിൽ വന്നിട്ടുള്ള ഭേദഗതികൾ, റദ്ദാക്കലുകൾ എന്നിവ സംബന്ധിച്ച് എല്ലാ ഗ്രാമ പഞ്ചായത്ത് ജീവനക്കാർക്കും സമഗ്ര പരിശീലനം നൽകുന്നതിന് ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ നടപടി സ്വീകരി ക്കേണ്ടതാണ്.

16. ഗ്രാമപഞ്ചായത്തുകളിൽ ലഭിക്കുന്ന കെട്ടിട നിർമ്മാണാനുമതി അപേക്ഷകളിൻമേൽ സമയബന്ധിതമായി നടപടികൾ സ്വീകരിച്ചുവെന്ന് ഉറപ്പുവരുത്തുന്നതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ 1-7-2019 മുതൽ എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും വീഴ്ചകൂടാതെ നടപ്പിലാക്കേണ്ടതാണ്.

1) എല്ലാമാസവും 1-ാം തീയതി മുതൽ 15-ാം തീയതിവരെയും 16-ാം തീയതി മുതൽ 31-ാം തീയതി വരെയും ലഭിക്കുന്ന കെട്ടിട നിർമ്മാണ അനുമതി അപേക്ഷകളെക്കുറിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുള്ള പ്രൊഫോർമ 1-ൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ നോട്ടീസ് ബോർഡിലും ഗ്രാമപഞ്ചായത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതാണ്.

2) കെട്ടിട നിർമ്മാണാനുമതി നൽകുന്നതിന് കാലതാമസം ഉണ്ടെങ്കിൽ അതിന്റെ കാരണം പ്രൊഫോർമയിലെ റിമാർക്സ് കോളത്തിൽ വ്യക്തമാക്കിയിരിക്കണം.

3) കെട്ടിട നിർമ്മാണാനുമതി നൽകുന്നതിന് ഗ്രാമപഞ്ചായത്തിൽ ഉപയോഗിക്കുന്ന ഓൺലൈൻ കമ്പ്യൂട്ടർ ആപ്ലിക്കേഷനായ 'സങ്കേതം' എല്ലാ ദിവസവും സെക്രട്ടറി പരിശോധന നടത്തി കൃത്യത ഉറപ്പുവരുത്തണം.

4) കെട്ടിട നിർമ്മാണാനുമതി അപേക്ഷകളിൻമേൽ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടി വിവരങ്ങൾ അനുബന്ധ പ്രൊഫോർമ 1-ൽ എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരും എല്ലാ മാസവും 5-ാം തീയതിക്ക് മുമ്പ് ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് സമർപ്പിക്കണം.

5) ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ ലഭ്യമാക്കുന്ന വിവരങ്ങൾ ക്രോഡീകരിച്ച് ജില്ലാതല സമാഹൃത റിപ്പോർട്ട് എല്ലാ മാസവും 10-ാം തീയതിക്ക് മുമ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ അനുബന്ധ പ്രൊഫോർമ 2-ൽ പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിക്കണം.

6) നിയമാനുസരണ രീതിയിൽ അല്ലാതെ കെട്ടിടനിർമ്മാണ അനുമതി നൽകുന്നതിൽ കാലതാമസം വരുത്തിയിട്ടുണ്ടെങ്കിൽ അത് ഏത് ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നാണെന്ന് റിപ്പോർട്ടിൽ വ്യക്തമാക്കേണ്ടതാണ്.





പ്രൊഫോർമ-1

ഗ്രാമപഞ്ചായത്തിന്റെ പേര്

തീയതി ..................................

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| അപേക്ഷ ലഭിച്ച കാലയളവും എണ്ണവും 1-15/16-31 | സ്ഥല പരിശോധന പൂർത്തിയാക്കിയ അപേക്ഷകളുടെ എണ്ണം (ഫയൽ നമ്പർ സഹിതം) | പെർമിറ്റ് നൽകിയ അപേക്ഷകളുടെ എണ്ണം (ഫയൽ നമ്പർ സഹിതം) | നിരസിച്ച അപേക്ഷകളുടെ എണ്ണം (ഫയൽ നമ്പർ സഹിതം) | വിവരങ്ങൾ ആവശ്യപ്പെട്ട് നോട്ടീസ് നൽകിയ അപേക്ഷകളുടെ എണ്ണം (ഫയൽ നമ്പർ സഹിതം) | തീർപ്പാക്കാതെ കിടക്കുന്ന അപേക്ഷകളുടെ എണ്ണം (ഫയൽ നമ്പർ സഹിതം) | റിമാർക്സ് |

സെക്രട്ടറി

മുൻ മാസങ്ങളിൽ തീർപ്പാക്കാതെ കിടക്കുന്ന അപേക്ഷകളുടെ എണ്ണവും 6-ാം നമ്പർ കോളത്തിൽ ചേർക്കേണ്ടതാണ്.

പ്രൊഫോർമ-2

ജില്ലയുടെ പേര്  തീയതി ..............................

| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്തിന്റെ പേര് | അപേക്ഷ ലഭിച്ച കാലയളവും എണ്ണവും 1-15/16-31 | സ്ഥല പരിശോധന പൂർത്തിയാക്കിയ അപേക്ഷകളുടെ എണ്ണം (ഫയൽ നമ്പർ സഹിതം) | പെർമിറ്റ് നൽകിയ അപേക്ഷകളുടെ എണ്ണം (ഫയൽ നമ്പർ സഹിതം) | നിരസിച്ച അപേക്ഷകളുടെ എണ്ണം (ഫയൽ നമ്പർ സഹിതം) | വിവരങ്ങൾ ആവശ്യപ്പെട്ട് നോട്ടീസ് നൽകിയ അപേക്ഷകളുടെ എണ്ണം (ഫയൽ നമ്പർ സഹിതം) | തീർപ്പാക്കാതെ കിടക്കുന്ന അപേക്ഷകളുടെ എണ്ണം (ഫയൽ നമ്പർ സഹിതം) | റിമാർക്സ് |

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

മുൻ മാസങ്ങളിൽ തീർപ്പാക്കാതെ കിടക്കുന്ന അപേക്ഷകളുടെ എണ്ണവും 6-ാം നമ്പർ കോളത്തിൽ ചേർക്കേണ്ടതാണ്.

ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും കർശനമായി പാലിക്കേണ്ടതും വീഴ്ച വരുത്തുന്നവർക്കെതിരെ കർശന വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതുമാണ്.

ഒപ്പ്

ബി. എസ്. തിരുമേനി, ഐ.എ.എസ്

പഞ്ചായത്ത് ഡയറക്ടർ





പഞ്ചായത്ത് ഡയറക്ടറേറ്റ്, വികാസ്ഭവൻ പി. ഒ.
തിരുവനന്തപുരം-695033
ഓഫീസ്: 0471-2786309, മൊബൈൽ : 9496040605
ഇമെയിൽ:crbdkerala@gmail.com

**PAN/5641/2019-B1 (DP)**  **തീയതി: 2019 ജൂൺ 27**

## സർക്കുലർ

വിഷയം : ദത്തെടുത്ത കുട്ടികളുടെ ജനന രജിസ്ട്രേഷൻ- പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:
1. ചീഫ് രജിസ്ട്രാറുടെ 10.05.2017 ലെ ബി 1-15343/2017 നമ്പർ സർക്കുലർ
2. രജിസ്ട്രാർ ജനറലിന്റെ 12-3-2012-ലെ 1/7/2011 VS (CRS) നമ്പർ സർക്കുലർ.
3. രജിസ്ട്രാർ ജനറലിന്റെ 15-5-2015-ലെ 1/7/2011 VS (CRS) നമ്പർ സർക്കുലർ.
4. രജിസ്ട്രാർ ജനറലിന്റെ 13-1-2018-ലെ 1/7/2011 VS (CRS) നമ്പർ സർക്കുലർ.

ദത്തെടുക്കുന്ന കുട്ടികളുടെ ജനന രജിസ്ട്രേഷൻ സുഗമമായി നടത്തുന്നതിന് സഹായകരമാകുന്ന തരത്തിൽ സംസ്ഥാന സർക്കാർ നിരവധി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതും പ്രസ്തുത നിർദ്ദേശങ്ങൾ സൂചന (1) സർക്കുലറിൽ 6.1 മുതൽ 6.6 വരെ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. എന്നാൽ, സൂചന (2) മുതൽ (4) വരെ സർക്കുലറുകൾ പ്രകാരം രജിസ്ട്രാർ ജനറൽ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിലെ പ്രസക്തമായവ കൂടി ഇക്കാര്യത്തിൽ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തേണ്ടത് അത്യന്താപേക്ഷിതമാണെന്ന് കാണുന്നു. ആയതിനാൽ പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളും സംസ്ഥാന സർക്കാർ നിർദ്ദേശങ്ങളും ക്രോഡീകരിച്ച് താഴെപ്പറയുന്ന പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.